**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ ,**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം**
**ഹാജർ :- ഡോ.കെ. വാസുകി, ഐ.എ.എസ്**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - *സയന്റിഫിക്ക് അസിസ്റ്റന്റ്* തസ്തികയിൽ 2020 വർഷത്തെ പൊതുസ്ഥലമാറ്റത്തിന്റെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം :- 1. 25.2.2017 - ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ
2. 11.6.20- ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 516/20/Agri
3. 5.11.2019 - ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1075/19/Agri 1
4. 17.6.20 - ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ എസ്.എ (2) 45900/19
5 30.7.20 - ലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ എസ്.എ (2) 45900/19
6. 3.8.20 -ലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ എസ്. ഇ (3) 6953/20
7. 20.8.20 - ലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ എസ്.എ (2) 45900/19

**ഉത്തരവ് നമ്പർ എസ്. എച്ച് (2) 12342 /20 തീയതി .27. 8. 20**

പരാമർശം 1 , 2 സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2020 വർഷത്തെ പൊതുസ്ഥലമാറ്റം SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം 4 പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ ജീവനക്കാരുടെ 2020 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ SPARK മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു. ഇപ്രകാരം ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശയോട് കൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച *സയന്റിഫിക്ക് അസിസ്റ്റന്റ്* തസ്തികയിലെ പൊതുസ്ഥലമാറ്റ അപേക്ഷകളും , അനുകമ്പാർഹ പരിഗണന നൽകി സ്ഥലംമാറ്റം അനുവദിച്ചവരുടെയും SPARK- മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത ലഭിച്ച 2020 - പൊതുസ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം 7 പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. ഈ കരട്

സ്ഥലംമാറ്റ ഉത്തരവിന്മേൽ 9.8.2020 തീയതി വരെ ആക്ഷേപങ്ങൾ / പരാതികൾ എന്നിവ സ്വീകരിച്ചിട്ടുള്ളതും . ആയത് പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഹരിച്ചിട്ടുള്ളതും . ഓൺലൈൻ സ്ഥലമാറ്റം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു കരട് കൂടി പ്രസിദ്ധീകരിക്കുന്നതിനായി വകുപ്പ് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വരുത്തിയ ഒരു കരടും / സ്ഥലംമാറ്റത്തിന് അപേക്ഷിച്ച ജീവനക്കാരുടെ അർഹതയനുസരിച്ചുള്ള റാങ്ക് ലിസ്റ്റും പരാമർശം 7 പ്രകാരം പ്രസിദ്ധീകരിക്കുകയും ആയതിന്റെ അപ്പീൽ 23.8.2020 തീയതി വരെ ക്ഷണിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ഈ തീയതി വരെ ലഭിച്ച ആക്ഷേപങ്ങൾ / പരാതികൾ എന്നിവ പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് നടപടി സ്വീകരിച്ച് SPARK- മുഖേന പ്രോസസ്സ് ചെയ്ത ലഭിച്ച *സയന്റിഫിക്ക് അസിസ്റ്റന്റ്* തസ്തികയിലെ 2020 വർഷത്തെ പൊതുസ്ഥലമാറ്റത്തിന്റെ അന്തിമ ഉത്തരവ് / ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

അന്തിമ പൊതുസ്ഥലമാറ്റ ലിസ്റ്റിൽ സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർ പകരം ജീവനക്കാർ ജോലിയ്ക്ക് ഹാജരായില്ലെങ്കിലും **ഈ ഉത്തരവ് അനുസരിച്ച് നിലവിലെ ഓഫീസിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും സെപ്റ്റംബർ 15 - ന് മുമ്പായി പുതിയ സ്ഥലത്ത് ജോലിയ്ക്ക് ഹാജരാകേണ്ടതുമാണ്.** ഇപ്രകാരം വിടുതൽ ചെയ്യാതിരിക്കുന്ന ജീവനക്കാർക്കെതിരെയും / ബന്ധപ്പെട്ട DDO- മാർക്കെതിരെയും നടപടികൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സെപ്റ്റംബർ 15 ന് മുമ്പായി വിടുതൽ / പ്രവേശനം നടന്നു കഴിഞ്ഞുവെന്ന് നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.

സ്ഥലമാറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് നിയമനം ലഭിച്ചിട്ടുള്ള ഓഫീസുകളിൽ ഒഴിവുകളില്ലെങ്കിൽ ഇത്തരം ജീവനക്കാർ ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർ മുമ്പാകെ റിപ്പോർട്ട് ചെയ്യേണ്ടതും , PAO- മാർ ഇത്തരം ജീവനക്കാരുടെ വിവരങ്ങളും ജില്ലയിലെ ഒഴിവുകളുടെ വിവരങ്ങളും ഈ ഓഫീസിലേക്ക് നൽകേണ്ടതുമാണ്.

SPARK- ൽ രേഖപ്പെടുത്തിയ സർവീസ് വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരുടെ ഓൺലൈൻ സ്ഥലമാറ്റം NIC സോഫ്റ്റ്‌വെയറിലൂടെ വകുപ്പ് നടപ്പിലാക്കിവരുന്നത്. ജീവനക്കാരുടെ സർവീസ് വിവരങ്ങൾ SPARK- ൽ യഥാസമയം ബന്ധപ്പെട്ട DDO - മാർ Update ചെയ്യാത്തതിന്റെ പേരിലോ സാംങ്കേതിക പിഴവ് മൂലമോ ഓൺലൈനായി തയാറാക്കിയ പൊതുസ്ഥലമാറ്റ ഉത്തരവിൽ കടന്നുകൂടിയ അപാകത കാരണം അർഹതപ്പെട്ട സ്ഥലമാറ്റം ലഭിക്കാതിരിക്കുകയോ. അനർഹമായി സ്ഥലമാറ്റം ചെയ്യപ്പെടുകയോ ചെയ്തു എന്ന് ജീവനക്കാരന് ബോധ്യപെട്ടുകയാണെങ്കിൽ അത്തരം ജീവനക്കാർ ഈ ഉത്തരവ് പ്രകാരം പുതിയ സ്റ്റേഷനിൽ ജോലിയിൽ പ്രവേശിച്ചതിന് ശേഷം (അതായത് സെപ്റ്റംബർ 15 ന് ശേഷം ഒരു മാസത്തിനകം ഒക്ടോബർ 15 ന് മുമ്പായി) ബന്ധപ്പെട്ട DDO- മാർ അതാത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് അനുബന്ധമായി ചേർത്തിരിക്കുന്ന പ്രൊഫോർമയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത

അപേക്ഷകൾ DDO/ PAO എന്നിവരുടെ ശുപാർശ സഹിതം ഒക്ടോബർ 15 ന് മുമ്പായി agrigeneraltransfer@gmail.com എന്ന ഇ - മെയിലിൽ അയക്കേണ്ടതാണ്. അത്തരം അപേക്ഷകൾ അർഹതമാനദണ്ഡം അനുസരിച്ച് പരിഗണിക്കുന്നതും നവംബർ 15 ന് മുമ്പായി ഉത്തരവ് പുറപ്പെടുവിക്കുന്നതുമായിരിക്കും.

കൃഷി വകുപ്പിന്റെ അഭിമാന പദ്ധതിയായ **"ഓണ സമൃദ്ധി -2020"** . ഇതിനോടനുബന്ധിച്ചുള്ള ഓണ ചന്തകൾ സംസ്ഥാനത്തൊട്ടാകെ 26.8.2020 - മുതൽ ആരംഭിക്കുന്നതിനാൽ **ഓണ ചന്ത ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരെ പ്രസ്തുത ഡ്യൂട്ടി കഴിഞ്ഞതിന് ശേഷം മാത്രമേ നിലവിലെ ഓഫീസിൽ നിന്ന് വിടുതൽ ചെയ്യേണ്ടതുള്ളൂ.**

**ഒപ്പ്**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്**
**ഡയറക്ടർ**

*ബന്ധപ്പെട്ട ജീവനക്കർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന)*
*എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും*
*പകർപ്പ് :-*

*കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT CELL)*
*ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി*

*പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫോർമേഷൻ ഓഫീസർ*
*തിരുവനന്തപുരം / കോഴിക്കോട്*
*PRO - കേരളമൊട്ടാകെ പ്രധാനപ്പെട്ട എല്ലാ ദിനപത്രങ്ങളുടെയും എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിനായി*

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33